## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1178 20.01.2014 -ലെ മറുപടിയ്ക്ക്

## ഉദുമ സർക്കാർ കോളേജ്

ചോദ്യം ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സർക്കാർ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; | (എ) | 12 സർക്കാർ കോളേജുകൾ |
| (ബി) | സർക്കാർ /എയ്ഡഡ് മേഖലയിൽ കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ പുതിയകോളേജുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ മണ്ഡലങ്ങളിൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; | (ബി) | പയ്യന്നൂർ, ബാലുശ്ശേരി, കൊടുവള്ളി, മങ്കട,വേങ്ങര, തൃത്താല, ചേലക്കര, കാട്ടാക്കട, നെയ്യാറ്റിൻകര, താനൂർ, കൊണ്ടോട്ടി, തലശ്ശേരി എന്നീ മണ്ഡലങ്ങളിൽ |
| (സി) | മണ്ഡലങ്ങളിൽ അതാത് എം.എൽ.എ. മാർ നിർദ്ദേശിച്ച സ്ഥലത്തു തന്നെയാണോ കോളേജ് അനുവദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) | അതെ. |
| (ഡി) | എങ്കിൽ ഉദുമ നിയോജക മണ്ഡലത്തിൽ മാത്രം എം.എൽ.എ. നിർദ്ദേശിച്ച സ്ഥലത്ത് കോളേജ് അനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ? | (ഡി) | കോളേജ് സ്ഥാപിക്കുന്നതിനായി ബഹു. എം.എൽ.എ. നിർദ്ദേശിച്ച കാസർഗോഡ്, ഹോസ്ദുർഗ് താലൂക്ക്, പുല്ലൂർ വില്ലേജിലെ കാഞ്ഞിരടുക്കം എന്ന സ്ഥലത്ത് സ്ഥലം സംബന്ധിച്ച ഒരു തർക്കം നിലനിൽക്കുന്നതിനാൽ ബന്ധപ്പെട്ടവരുമായി ചർച്ചനടത്തിയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ 17 ന് അരികിലുള്ള കുണിയ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള പനയാൽ വില്ലേജിലെ 10 ഏക്കർ |

| | | | |
|---|---|---|---|
| | | | സ്ഥലം പ്രസ്തുത ആവശ്യത്തിന് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും വിട്ടുകിട്ടാൻ സാധ്യതയുണ്ടോ എന്ന വിഷയം പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**